പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2274

18.03.2015 - ൽ മറുപടി നൽകേണ്ടിയിരുന്നത്.

## വ്യവസായ എസ്റ്റേറ്റുകളിൽ ഭൂമി അനുവദിക്കുന്നതിന്റെ മാനദണ്ഡങ്ങൾ

ചോദ്യം

ശ്രീ. എ.എം. ആരിഫ്

മറുപടി

ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി
(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി)

(എ) വ്യവസായ എസ്റ്റേറ്റുകളിൽ ഭൂമി അനുവദിക്കുന്നതിന്റെ മാനദണ്ഡങ്ങൾ വിശദമാക്കുമോ ;

(എ) : വ്യവസായ എസ്റ്റേറ്റുകളിൽ ഭൂമി അനുവദിക്കുന്നതിന് ലഭ്യമാകുന്ന അപേക്ഷകളോടൊപ്പം സമർപ്പിക്കുന്ന പ്രോജക്ടിന്റെ പ്രായോഗികത, നിക്ഷേപ സാധ്യത, തൊഴിലവസരങ്ങൾ, വിദേശ നാണ്യവരവിന്റെ സാധ്യത എന്നിവ പരിഗണിച്ച് തയ്യാറാക്കുന്ന മുൻഗണനാ ലിസ്റ്റിൽ നിന്നും സംരംഭത്തിനാവശ്യമായ സ്ഥലത്തിന്റെ ആവശ്യകതയും ലഭ്യമായ സ്ഥലത്തിന്റെ അളവും പരിഗണിച്ച് 05/04/1969-ലെ സ.ഉ.(എം.എസ്)169/69/വ്യവ നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ വ്യവസായ വാണിജ്യ ഡയറക്ടറും സ്ഥലമെടുപ്പ്, പദ്ധതി നിർവ്വഹണം, പുനരധിവാസം, നഷ്ടപരിഹാരം, മറ്റു വികസന പ്രവർത്തനങ്ങൾ, പൊതുവായ ആവശ്യങ്ങൾക്ക് സർക്കാർ ചെലവഴിക്കുന്ന തുക എന്നിവയെ അടിസ്ഥാനപ്പെടുത്തി നിശ്ചയിക്കപ്പെട്ട വിലയുടെ അടിസ്ഥാനത്തിലും Project Implementation Committee / കേരള സർക്കാർ അനുമതി നൽകിയിട്ടുള്ള ഭൂവിതരണ നിയമങ്ങൾക്കും

| | | | |
|---|---|---|---|
| | | | വിധേയമായി KSIDC -യും Out Right Sale റൂളിലെ നിയമങ്ങളനുസരിച്ച് SIDCO-യും ഭൂമി അനുവദിക്കുന്നു. |
| (ബി) | ഇപ്രകാരം ഭൂമി അനുവദിക്കുന്നതിന് മുൻഗണനാ ലിസ്റ്റ് തയ്യാറാക്കുന്നുണ്ടോ ; | (ബി) & (സി) : | വ്യവസായ വാണിജ്യ ഡയറക്ടർ മുൻഗണനാ ലിസ്റ്റ് തയ്യാറാക്കുന്നുണ്ട്. മുൻഗണനാ ലിസ്റ്റ് മറികടന്ന് ഭൂമി അനുവദിച്ച് നൽകിയ യൂണിറ്റുകളുടെ വിവരം അനുബന്ധമായി ചേർക്കുന്നു. |
| (സി) | മുൻഗണനാ ലിസ്റ്റ് മറികടന്ന് കേരളത്തിൽ എവിടെയെല്ലാം ഭൂമി അനുവദിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ; അതിനിടയായ സാഹചര്യം വ്യക്തമാക്കുമോ ? | | |

സെക്ഷൻ ഓഫീസർ.

# അനുബന്ധം

| യൂണിറ്റിന്റെ പേര് | അനുവദിച്ച ഭൂമി | ഭൂമി അനുവദിക്കാനുണ്ടായ സാഹചര്യം |
|---|---|---|
| മെ. എ.എസ്. ട്രേഡേഴ്സ്, വ്യവസായ വികസന ഏരിയ, അരൂർ | 25 സെന്റ് | പുന്നപ്ര ജനവാസ മേഖലയിൽ പ്രവർത്തിച്ചിരുന്ന കൈറ്റിൻ നിർമ്മാണ യൂണിറ്റായ ഈ സ്ഥാപനത്തിൽ നിന്നുണ്ടായ മലിനീകരണ പ്രശ്നത്തെ തുടർന്ന് തദ്ദേശ വാസികൾ ടി യൂണിറ്റിന്റെ പ്രവർത്തനം തടഞ്ഞതുമൂലമുണ്ടായ ക്രമ സമധാനത്തകർച്ച പരിഹരിക്കുന്നതിനു വേണ്ടി 28/07/2011-ൽ ബഹു. മുഖ്യമന്ത്രി വിളിച്ച ചേർത്ത ഉന്നതതല യോഗ തീരുമാന പ്രകാരം പുറപ്പെടുവിച്ച 07/09/2011-ലെ സ.ഉ.(സാധാ) 1108/2011/വ്യവ. പ്രകാരമാണ് ടി യൂണിറ്റിന് സ്ഥലമനുവദിച്ചത്. |
| മെ. സോഴ്സ് വൺ എക്സ്പോർട്ട്സ്, വ്യവസായ വികസന ഏരിയ, അരൂർ | 30 സെന്റ് സ്ഥലം | മെ. അരൂർ സ്റ്റീലിൽ നിന്ന് തിരിച്ചെടുത്തതും മെ. സോഴ്സ് വൺ എക്സ്പോർട്ട്സിന്റെ സമീപത്തുള്ളതുമായ പ്രസ്തുത സ്ഥലം പദ്ധതിയുടെ പൂർണ്ണതയ്ക്കായി അനുവദിക്കണമെന്ന യൂണിറ്റിന്റെ അപേക്ഷ പ്രകാരം അനുവദിച്ചു. |
| മെ. ഷിൻവാർ വയേഴ്സ് പ്രൈവറ്റ് ലിമിറ്റഡ് , വ്യവസായ വികസന ഏരിയ,അരൂർ | 25 സെന്റ് | മെ. ഷിൻവാർ വയേഴ്സ് പ്രൈവറ്റ് ലിമിറ്റഡിന്റെ സ്ഥലത്തോടു ചേർന്നു കിടക്കുന്ന 25 സെന്റ് ഭൂമി ടി യൂണിറ്റിന്റെ വികസനത്തിനായി അനുവദിച്ചു. |
| മെ. സാന്ദ്ര ഫർണിച്ചർ, വ്യവസായ വികസന ഏരിയ, വേളക്കോട്, തൃശ്ശൂർ. | 3.385 സെന്റ് | മെ. സാന്ദ്ര ഫർണിച്ചറിന്റെ സ്ഥലത്തോട് ചേർന്ന് മറ്റു യൂണിറ്റുകൾക്ക് ഉപയോഗിക്കാൻ സാധിക്കാതെ കിടന്നിരുന്ന 3.385 സെന്റ് ഭൂമി ടി യൂണിറ്റിന് 30 വർഷത്തേക്ക് ലീസിന് നൽകി. |
| ശ്രീ. ഉസ്മാൻ, വ്യവസായ വികസന ഏരിയ, വേളക്കോട്, തൃശ്ശൂർ. | 70 സെന്റ് | വേളക്കോട് വ്യവസായ വികസന പ്ലോട്ട്, റോഡിനു സ്ഥലം നൽകിയതിനു പകരമായി 22 സെന്റ് സ്ഥലവും ഡിനോവയായ 1.54 ഏക്കർ ഭൂമിക്ക് ചുറ്റുമുള്ള 48 സെന്റ് സ്ഥലവും ഉൾപ്പടെ 70 സെന്റ് സ്ഥലം ശ്രീ. ഉസ്മാന് അനുവദിച്ചു. |
| മെ. സ്റ്റാൻഡേർഡ് സിറാമിക്സ്, വ്യവസായ വികസന പ്ലോട്ട്, അത്താണി. | 30 സെന്റ് | അളന്നപ്പോൾ അധികമായി കണ്ടെത്തിയ 30 സെന്റ് സ്ഥലം. |
| തൃശ്ശൂർ ജില്ലാ ചെറുകിട വ്യവസായ വെൽഫയർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി, വ്യവസായ വികസന പ്ലോട്ട്, അത്താണി. | 20 സെന്റ് | |